പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4355 19.10.2011 ൽ മറുപടിക്ക്

പി.ആർ.ഡി മുഖാന്തിരമുള്ള പരസ്യങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ജെയിംസ് മാത്യു | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാരിന്റെ പ്രവർത്തനങ്ങൾ വർത്തമാന പത്രങ്ങൾ വഴി പ്രചരിപ്പിക്കുന്നതിന് കഴിഞ്ഞ 2011 മേയ് 18 മുതൽ 2011 ഒക്ടോബർ 8 വരെ ചെലവഴിച്ച തുകയെത്ര ; | (എ) | ബിൽ ലഭിച്ചിട്ടില്ല. അതിനാൽ തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) ഇതേ കാലയളവിൽ ഇലക്ട്രോണിക് മാധ്യമങ്ങളിൽ പരസ്യത്തിനായി നൽകിയ തുകയെത്ര; | (ബി) | കണക്കാക്കി വരുന്നു |
| (സി) പത്രം, ടി.വി. എന്നിവയല്ലാതെ മറ്റിതര മാർഗ്ഗങ്ങളിലൂടെ സർക്കാർ പ്രചരണത്തിന് എത്ര തുക പി. ആർ. ഡി. മുഖാന്തിരം ചെലവഴിച്ചു ; വിശദാംശം അറിയിക്കാമോ; | (സി) | ലഘു പുസ്തകങ്ങൾ, പോസ്റ്ററുകൾ, മൊബൈൽ എക്സിബിഷൻ, ഫോട്ടോ എക്സിബിഷൻ, ജില്ലാതല പരിപാടികൾ , നൂറുദിന കർമ്മ പരിപാടിയുടെ പരിസമാപ്തി കുറിച്ചുള്ള പൊതു പരിപാടികൾ എന്നിവയ്ക്കായി "2220-60-101-98- പ്രചരണ സാമഗ്രികൾ " എന്ന ശീർഷകത്തിൽ നിന്നും 23,95,273/- (ഇരുപത്തി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി ഇരുന്നൂറ്റി എഴുപത്തി മൂന്ന്) രൂപയും "2220-60-106-99- പ്രചരണ സംഘടന ശക്തിപ്പെടുത്തുന്നതിന്" എന്ന ശീർഷകത്തിൽ നിന്നും 26,33,247/- (ഇരുപത്തിയാറ് ലക്ഷത്തി മുപ്പത്തി മൂവായിരത്തി ഇരുന്നൂറ്റി നാൽപത്തിയേഴ്) രൂപയും "2220-60-109-99- ദൃശ്യപ്രചരണം" എന്ന ശീർഷകത്തിൽ നിന്നും 5,82,563/- (അഞ്ച് ലക്ഷത്തി എൺപത്തി രണ്ടായിരത്തി അഞ്ഞൂറ്റി അറുപത്തി മൂന്ന്)രൂപയും ചെലവഴിച്ചു (ആകെ 56,11,083/-(അമ്പത്തിയാറ് ലക്ഷത്തി പതിനൊന്നായിരത്തി എൺപത്തി മൂന്ന്)രൂപയും ചെലവഴിച്ചു |

(ഡി) ഇതേ ആവശ്യത്തിന് 2006 മേയ് 18 മുതൽ 2006 ഒക്ടോബർ 8 വരെ പി.ആർ.ഡി.മുഖാന്തിരം ചെല വഴിച്ച തുകയെത്ര;

(ഡി) 2006 മേയ് 18 മുതൽ 2006 ഒക്ടോബർ 8 വരെയുള്ള കാലഘട്ടത്തിൽ പി.ആർ.ഡി.മുഖാന്തിരം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. ''2220-60-101-98- പ്രചരണ സാമഗ്രികൾ'' എന്ന ശീർഷകത്തിൽ നിന്നും 34,65,697/-(മുപ്പത്തി നാല് ലക്ഷത്തി അറുപത്തി അയ്യായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി ഏഴ്) രൂപയും ''2220-60-106-99- പ്രചരണ സംഘടന ശക്തിപ്പെടുത്തുന്നതിന്'' എന്ന ശീർഷകത്തിൽ നിന്നും 6,15,132/-(ആറ് ലക്ഷത്തി പതിനയ്യായിരത്തി നൂറ്റി മുപ്പത്തി രണ്ട്) രൂപയും ''2220-60-109-99- ദൃശ്യപ്രചരണം'' എന്ന ശീർഷകത്തിൽ നിന്നും 5,36,873/-(അഞ്ച് ലക്ഷത്തി മുപ്പത്തി ആറായിരത്തി എണ്ണൂറ്റി എഴുപത്തി മൂന്ന്). രൂപയും ചെലവഴിച്ചു. ആകെ 46,17,702/-(നാൽപത്തിയാറ് ലക്ഷത്തി പതിനേഴായിരത്തി എഴുന്നൂറ്റി രണ്ട്) രൂപ മാത്രം.

(ഇ) പി.ആർ.ഡി.മുഖാന്തിരം സർക്കാർ പ്രചാരണത്തിനായി 2011-12 -ൽ നീക്കിവച്ച തുകയുടെ വിശദാംശം അറിയിക്കാമോ?

(ഇ) പി.ആർ.ഡി മുഖേന സർക്കാർ പ്രചരണത്തിനായി 2011-12 -ൽ നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശം അനുബന്ധമായി കൊടുക്കുന്നു.

/

[signature]
സെക്ഷൻ ഓഫീസർ

## അനുബന്ധം

| ശീർഷകം | ഇനം | ഗ്രാന്റ് |
|---|---|---|
| 2220-60-101-99 | പ്രദർശന പരസ്യം | 15,90,00,000 |
| 2220-60-101-98 | പ്രചരണ സാമഗ്രികൾ | 1,50,00,000 |
| 2220-60-106-99 | പ്രചാരണ സംഘടന ശക്തിപ്പെടുത്തുന്നതിന് | 1,50,00,000 |
| 2220-60-106-98 | പ്രദർശനം | 1,00,00,000 |
| 2220-60-109-99 | ദൃശ്യ പ്രചരണം | 25,00,000 |
| 2220-60-109-98 | വീഡിയോ പ്രചരണം | 30,00,000 |
| 2220-60-800-77 | സുതാര്യ കേരളം -ദൂരദർശനിലും ആകാശവാണിയിലും ഉളള ഫോൺ -ഇൻ-പ്രോഗ്രാം | 1,15,00,000 |

## പദ്ധതിയേതര ബഡ്ജറ്റ്

2220-60-101-പരസ്യവും ദൃശ്യപ്രചാരണവും എന്ന ശീർഷകത്തിൽ അച്ചടി മാധ്യമത്തിനായി രണ്ട് കോടി രൂപയും ഇലക്ട്രോണിക്/ ദൃശ്യമാധ്യമങ്ങൾക്കായി രണ്ട് കോടി രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ